**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **12-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കലാകാരന്മാരുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുടെ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കലാകാരന്മാർക്ക് കേരള സംഗീത നാടക അക്കാദമി വഴി നൽകുന്ന ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുടെ തുക കുറയ്ക്കാൻ തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കലാകാരന്മാർക്ക് കേരള സംഗീത നാടക അക്കാദമി വഴി നൽകുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയുടെ തുക കുറയ്ക്കാൻ തീരുമാനമെടുത്തിട്ടില്ല. |
| (ബി) | ചികിത്സാചെലവുകൾ വർദ്ധിച്ച വരുന്ന ഈ കാലത്ത് ഇപ്രകാരം ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ കലാകാരന്മാർക്ക് കേരള സംഗീത നാടക അക്കാദമി വഴി നൽകുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയുടെ തുക കുറയ്ക്കാൻ തീരുമാനമെടുത്തിട്ടില്ല. |
| (സി) | 2023 വർഷത്തിൽ ഇപ്രകാരം എത്ര തുകയാണ് ഇൻഷ്വറൻസ് പ്രീമിയമായി അടച്ചതെന്നും ആയത് എത്ര ഗുണഭോക്താക്കൾക്കു വേണ്ടിയായിരുന്നുവെന്നും അറിയിക്കാമോ; 2024 വർഷത്തിൽ എത്ര ഗുണഭോക്താക്കൾക്ക് എന്തു തുക പ്രീമിയമായി അടച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | കേരള സംഗീത നാടക അക്കാദമി ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നത് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ്. 2022-2023 വരെ ഈ പദ്ധതിയുടെ ഭാഗമായി മെഡിക്ലെയിം 1 ലക്ഷം രൂപയും അപകടം മൂലമുള്ള മരണം, പൂർണ്ണമായ അംഗവൈകല്യം എന്നിവക്ക് 2 ലക്ഷം രൂപ വരെയും ആയിരുന്നു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ 2023-2024 ൽ മാത്രം മെഡിക്ലെയിം 2 ലക്ഷം രൂപയായി ഉയർത്തി. പ്രസ്തുത വർഷം ജി.എസ്.ടി ഉൾപ്പെടെ 23,62,660/- രൂപയാണ് 1253 പേർക്ക് പ്രീമിയമായി നൽകിയത്. എന്നാൽ 40 ലക്ഷത്തോളം രൂപ ക്ലെയിമായി കമ്പനി കലാകാരന്മാർക്ക് നൽകിയിരുന്നു. ഇൻഷ്വറൻസ് പരിരക്ഷ കാലാവധി തീരുന്നത് 2024 ഫെബ്രുവരി 1 നാണ്. 2023 നവംബർ മാസം ഇൻഷ്വറൻസ് പരിരക്ഷ തുടർന്നും പുതുക്കി നൽകുന്നതിന് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ കലാകാരന്മാരോട് അക്കാദമി നിർദ്ദേശിച്ചിരുന്നു. 840 പേരാണ് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയത്. ഈ 840 പേരെയും 2024-2025 ലെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയുടെ നിയമാവലി പ്രകാരം ഇവർക്ക് പരിരക്ഷ നൽകുന്നതിന് ജി.എസ്.ടി ഉൾപ്പെടെ 31,58,652/- രൂപയാണ് പ്രീമിയമായി നൽകിയത്. |

സെക്ഷൻ ഓഫീസർ